## ചീഫ് വിപ്പിന്റെ പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നിയമസഭാ ചീഫ് വിപ്പായി ക്യാബിനറ്റ് റാങ്കോടെ പ്രവർത്തിക്കുന്ന ശ്രീ. പി.സി.ജോർജ് കേരള നിയമസഭയുടെ മാന്യതയും അന്തസ്സും തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിയമസഭയുടെ ഈ സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗം സംബന്ധിച്ച് തനിക്ക് പല കാര്യങ്ങളും പറയാനുണ്ടായിരുന്നുവെന്നും 'പ്രതിപക്ഷ തെണ്ടികൾ' ഇറങ്ങിപ്പോയതിനാൽ അതൊന്നും പറയാൻ കഴിഞ്ഞില്ലെന്നും ചീഫ് വിപ്പ് പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. നിയമസഭാംഗങ്ങളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി ഔദ്യോഗികമായിത്തന്നെ ബാധ്യസ്ഥനായ ചീഫ് വിപ്പാണ് പ്രതിപക്ഷാംഗങ്ങളെ തെണ്ടികൾ എന്ന് ആക്ഷേപിച്ചത്. നിയമസഭാ മന്ദിരത്തിലെ മീഡിയാ റൂമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഔദ്യോഗിക വക്താവായ ചീഫ് വിപ്പ് മറ്റുള്ളവരെ അധിക്ഷേപിക്കാൻ ഉപയോഗപ്പെടുത്തിയത്. ചീഫ് വിപ്പ് പദവി ഉപയോഗിച്ച് ശ്രീ. പി. സി. ജോർജ് നടത്തുന്ന അധിക്ഷേപങ്ങൾ എല്ലാം സീമകളും ലംഘിച്ചിരിക്കുകയാണ്.

ഈ സഭയിലെ സീനിയർ അംഗവും മുൻമന്ത്രിയുമായ സഖാവ് എ. കെ. ബാലനെ ഒരു നിയമസഭാ സമ്മേളനക്കാലത്ത് ഇദ്ദേഹം ജാതീയമായി അധിക്ഷേപിച്ചു. കഴിഞ്ഞ ദിവസം ഇതേ നിയമസഭാ മന്ദിരത്തിൽ നടത്തിയ പത്രസമ്മേളനത്തിൽ സൂര്യനെല്ലിക്കേസ്സിലെ ഇരയായ പെൺകുട്ടിയെ അധി

ക്ഷേപിച്ചു. നാല്പതുദിവസം നാല്പതിൽപരം നരാധമൻമാർ പിച്ചിച്ചീന്തിയ സംഭവത്തെ പരാമർശിച്ച് "കുര്യന്റെ മുഖം എങ്ങനെ ഓർമ്മ വരാൻ" എന്ന് പി. ജെ. കുര്യനെ ന്യായീകരിക്കുകയും പെൺകുട്ടിയെ ഒരിക്കൽക്കൂടി അവഹേളിക്കുകയും അപമാനിക്കുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സർക്കാർ ചീഫ് വിപ്പ് നിരന്തരം അധിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ക്യാബിനറ്റ് പദവിയുള്ള ചീഫ് വിപ്പ് എന്ന നിലയിലുള്ള അധികാരവും പരിവേഷവുമാണ് ഇതിനെല്ലാം ബലം നൽകുന്നത്. "ദളിതുകൾ നന്നാവില്ല, സംവരണം കൊണ്ടൊന്നും കാര്യമില്ല, അവർ അടിമവ്യവസ്ഥയിൽ കഴിഞ്ഞവരാണ്" എന്നാണ് ഒടുവിലത്തെ അധിക്ഷേപം. "ഉന്നതസ്ഥാനീയരായ പട്ടികജാതിക്കാർ അനാഥാലയത്തിലെ പെൺകുട്ടികളെ വിവാഹം ചെയ്യുന്നത് വെളുപ്പ് കണ്ടുകൊണ്ടാണ്, അനാഥാലയത്തിലെ കുട്ടികൾ ഉണ്ടാകുന്നത് എങ്ങനെയാണെന്ന് തനിക്കറിയാം, നാണം കൊണ്ട് അത് പറയുന്നില്ല" എന്നാണ് മറ്റൊരു പ്രസ്താവന. ഒരു നിയമസഭാംഗം എന്ന നിലയിൽ മാത്രമല്ല ഒരു പൗരൻ എന്ന നിലയിലും എല്ലാ സാമൂഹിക മര്യാദകളും ലംഘിച്ചുകൊണ്ട് ഇത്തരത്തിലുള്ള അധിക്ഷേപങ്ങൾ ചീഫ് വിപ്പ് നിരന്തരം ചൊരിയുകകയാണ്. എനിക്ക് കിട്ടിയ ഒരു റിപ്പോർട്ടനുസരിച്ച് കേരളത്തിൽ രണ്ടായിരത്തിലധികം അനാഥാലയങ്ങളുണ്ട്. ഇവയിലെ അന്തേവാസികൾ മുഴുവനും ജാരസന്തതികളാണെന്ന ധ്വനിയോടെയാണ് ശ്രീ. പി.സി. ജോർജ് സംസാരിച്ചത്. ഈ മന്ത്രിസഭയെ സംബന്ധിച്ച് ശ്രീ. പി.സി. ജോർജ് ചീഫ് വിപ്പ് എന്ന നിലയിൽ ഔദ്യോഗിക വക്താവ് മാത്രമല്ല ഗവൺമെന്റിന്റെ പ്രതീ

കമോ അലങ്കാരമോ ആകുന്നതിൽ ഞങ്ങൾക്ക് യാതൊരു വിഷമവുമില്ല. എന്നാൽ അദ്ദേഹത്തിന്റെ അധിക്ഷേപങ്ങൾ ഈ സഭയുടെ അന്തസ്സ് കെടുത്തുന്നതാണ്. അതുകൊണ്ട് ചീഫ് വിപ്പ് ഈ സഭയോട് മാപ്പ് പറയുകയോ അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗവൺമെന്റ് ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ,......

മി. സ്പീക്കർ: നോ.. നോ... മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): അദ്ദേഹത്തിന്റെ വിശദീകരണം കഴിഞ്ഞശേഷം മറുപടി പറയാം.

മി. സ്പീക്കർ: ഓകെ... യേസ്... ...........(ബഹളം)........ മാപ്പുപറയണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോ.. ...........(ബഹളം)........ അദ്ദേഹം പറയട്ടെ.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെകത്തിൽ പ്രതിപക്ഷ എം.എൽ.എ.മാരെ തെണ്ടികൾ എന്ന്.... .........(ബഹളം)........ അല്ല നിങ്ങൾ പറയാൻ...............(ബഹളം)......... എനിക്ക് ഉത്തരം പറയണ്ടേ. .....(ബഹളം)..... അങ്ങേയ്ക്ക് ഞാൻ എഴുതിത്തന്നിട്ടുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... ഞാൻ പറയാം. ഗവൺമെന്റിന്റെ നിലപാട് ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചല്ലോ. പക്ഷേ പ്രതിപക്ഷ നേതാവ്

പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം മാപ്പ് പറയണമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ പിന്നെ പ്രശ്നം തീർന്നില്ലേ? അങ്ങനെ വേണ്ടേ? .......(ബഹളം).....

ശ്രീ. പി. സി. ജോർജ്: സർ,......... .......(ബഹളം).....

മി. സ്പീക്കർ: നോ... നോ... മുഖ്യമന്ത്രി. പറയും. .....(ബഹളം)..... ഞാൻ ഒരു കാര്യം പറയാം. അനാവശ്യമായി പ്രതിഷേധം നടത്തി എന്നുമെന്നും ഇങ്ങനെ സമയം കളയുന്നത് ശരിയല്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. പി. സി. ജോർജിനെക്കുറച്ച് പറയുമ്പോൾ, സ്വാഭാവികമായി അദ്ദേഹത്തിന് അത് വിശദീകരിക്കാനുള്ള അവസരമുണ്ട്. അങ്ങനെയിരിക്കെതന്നെ ഈ സഭയിലെ മുതിർന്ന അംഗങ്ങൾ ചാടിയെഴുന്നേറ്റതുകൊണ്ടാണ് ഞാൻ മുഖ്യമന്ത്രിയോട് മറുപടി പറയാൻ പറഞ്ഞത്. .......(ബഹളം)..... ഞാൻ പറയുന്നത് കേൾക്കൂ. എങ്ങനെ എന്ന് നിങ്ങൾ ചോദിച്ചത് ശരിയല്ല. റൂൾ 288 അനുസരിച്ച് അതിനുള്ള അവകാശമുണ്ട്. .....(ബഹളം).....

ശ്രീ. മാത്യൂ. റ്റി. തോമസ്: സബ്മിഷന് മറുപടി നൽകേണ്ടത് ഗവൺമെന്റാണ്.

മി. സ്പീക്കർ: നോ.... ഇത് വ്യത്യസ്തമായൊരു സബ്മിഷനാണ്. ഇവിടെ ഗവൺമെന്റിന് എതിരെയുള്ള ചാർജ്ജല്ല പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്. ഒരു അംഗത്തിനെതിരെ, അദ്ദേഹം ചീഫ് വിപ്പോ എന്തോ ആകട്ടെ, സഭയോട് നിരുപാധികം മാപ്പ് അപേക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അവസാന വാചകം അതാണ്. .....(ബഹളം).....

ശ്രീ. സി. ദിവാകരൻ: ഇത് ഒരു പൊതുവായ പ്രശ്നമാണ്. പ്രതിപക്ഷാംഗങ്ങളെയാണ് തെണ്ടികൾ എന്നു വിളിച്ചത്. ഇത് സഭയിൽ പറഞ്ഞതല്ല, സഭയ്ക്കു പുറത്ത് ഓപ്പണായി പറഞ്ഞതാണ്. മാപ്പു പറഞ്ഞാൽ ഈ പ്രശ്നം തീരുമോ; ഇത് ഈ ഗവൺമെന്റിന്റെ നയമാണോ?

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായാണ് അത് പറഞ്ഞതെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ, അങ്ങനെ കരുതുന്നുണ്ടോ. .....(ബഹളം).....

ശ്രീ. കെ. കെ. ജയചന്ദ്രൻ: ചീഫ് വിപ്പിനെതിരെ സ്പീക്കർ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രൻ, നടപടിച്ചട്ടങ്ങളൊന്നും മനസ്സിലാക്കാതെ സംസാരിക്കരുത്. യെസ്..... യെസ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിയമസഭയുടെ നടപടിച്ചട്ടത്തിൽ അംഗങ്ങളുടെ പെരുമാറ്റച്ചട്ടം സംബന്ധിച്ച് വ്യക്തമായി അനുശാസിക്കുന്നുണ്ട്. കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിൽ സഭയ്ക്കുള്ളിൽ അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടമുണ്ട്, സഭയ്ക്ക് പുറത്തുള്ള പെരുമാറ്റച്ചട്ടവുമുണ്ട്. ഇത് സഭയ്ക്ക് പുറത്ത് നടന്നിട്ടുള്ള പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം കൂടിയാണ്. അത്തരത്തിൽ പെരുമാറ്റച്ചട്ട ലംഘനം നടന്നാൽ അങ്ങനെയുള്ള പ്രശ്നത്തിൽ തീരുമാനമെടുക്കേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. അക്കാര്യത്തിൽ 53-ാം വകുപ്പനുസരിച്ച് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് അധികാരമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

ഉന്നയിച്ചിട്ടുള്ള ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട സ്പീക്കർ നടപടിയെടുക്കണം.

മി. സ്പീക്കർ: അത് അവിടെ നിൽക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ.

ശ്രീ. പി.സി. ജോർജ്: സർ,....

മി. സ്പീക്കർ: അങ്ങയെ വിളിക്കാം. ഇപ്പോൾ മുഖ്യമന്ത്രി സംസാരിക്കട്ടെ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പി.സി. ജോർജ് ഇതിനെക്കുറിച്ച് ഒരു വിശദീകരണം നൽകിയതിനുശേഷം ഗവൺമെന്റിന്റെ നിലപാട് പറയാൻ അവസരം കിട്ടിയിരുന്നെങ്കിൽ എനിക്ക് കുറച്ചുകൂടി സൗകര്യമാകുമായിരുന്നു. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ പറയാതിരിക്കട്ടെ.........(ബഹളം)......... അങ്ങനെ പറയാതിരിക്കട്ടെ എന്നാണ് എന്റെ ആഗ്രഹം. ശ്രീ. പി.സി.ജോർജ് അല്ല ആരായിരുന്നാലും അങ്ങനെ ഒരു പദപ്രയോഗം നടത്തിയിട്ടുണ്ടെങ്കിൽ അത് തെറ്റാണ് എന്ന് വ്യക്തമായ അഭിപ്രായമാണുള്ളത്. ആ കാര്യത്തെ സംബന്ധിച്ച് യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് പറയാൻ അവസരം കിട്ടിക്കഴിഞ്ഞാൽ എനിക്ക് പറയാൻ കുറെക്കൂടി സൗകര്യമാണ് എന്ന് ഞാൻ ആഗ്രഹിച്ചത്. പക്ഷേ നിങ്ങൾ ഇടപെട്ട് അതിനുള്ള അവസരം പിന്നീടത്തേയ്ക്ക് ആക്കിവച്ചു. നമ്മൾ പരസ്പരം മാനിക്കുന്നതാണ് ജനങ്ങളിൽ നിന്നും നമുക്ക് മാന്യത കിട്ടാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന് ഞാൻ

വിശ്വസിക്കുന്നു. അഭിപ്രായവ്യത്യാസങ്ങൾ കാണും, അത് സ്വാഭാവികമല്ലേ. വ്യത്യസ്തമായ സമീപനങ്ങൾ കാണും. യാതൊരു സംശയവുമില്ല. പക്ഷേ, ആയിരം കണ്ണുകൾ നമ്മളിലേയ്ക്കുണ്ട് എന്നത് ഉൾക്കൊണ്ടുകൊണ്ടാകണം നമ്മൾ ഉപയോഗിക്കുന്ന ഭാഷയും എടുക്കുന്ന സമീപനവും. പൊതുപ്രവർത്തകർ കാണിക്കേണ്ട മിതത്വം നമ്മൾ പാലിക്കേണ്ടതാണ്. അത് എല്ലാവർക്കും ബാധകമാണ്. അത് സംബന്ധിച്ചുള്ള ശ്രീ. പി.സി.ജോർജിന്റെ വിശദീകരണം ഇല്ലാത്തതാണ് എനിക്ക് കൂടുതലായി പറയാനുള്ള ബുദ്ധിമുട്ട്. കാരണം അദ്ദേഹം പറഞ്ഞോ ഇല്ലയോ .....(ബഹളം)..... പറഞ്ഞെങ്കിൽ ഞാൻ പറഞ്ഞല്ലോ, .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... നിങ്ങൾ ഒരു തരത്തിലും സമ്മതിക്കില്ല എന്നു പറയുന്നത് ശരിയല്ല. നോ... നോ.... .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അത് നിഷേധിക്കുകയല്ല. പറയാതിരിക്കട്ടെ എന്നാണ് ഞാൻ പറഞ്ഞത്. കാരണം ഈ സഭയിലെ ഒരംഗവും മറ്റൊരു അംഗത്തെ മാത്രമല്ല ഒരാളെക്കുറിച്ചും അത്തരമൊരു പദപ്രയോഗം നടത്താൻ പാടില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷേ, ചെയ്തത് തെറ്റായിപ്പോയി എന്ന് ഒരാളെപ്പറ്റി ഞാൻ പറയുമ്പോൾ അദ്ദേഹം ആ തെറ്റ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കുംകൂടി ബോദ്ധ്യപ്പെടണമല്ലോ. ഞാൻ വിഷ്വൽ മീഡിയയിൽ വരുന്നത് മുഴുവൻ കാണുന്നില്ല. പക്ഷേ, ഇങ്ങനെയൊരു വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെ പറയാൻ കാരണം പോളിസി സ്റ്റേറ്റ്മെന്റ് പോലെയാണ് അദ്ദേഹം ഓരോന്നും നടത്തുന്നത്. അനാഥാലയത്തിലെ അന്തേവാസികളൊക്കെ ജാരസന്തതികളാണെന്ന് പോളിസി സ്റ്റേറ്റ്മെന്റ് പോലെ പ്രസ്താവന നടത്തുകയാണ്. അത് ഗവൺമെന്റിന് തന്നെ ദോഷമല്ലേ? ഗവൺമെന്റിന്റെ വക്താവ് ഇങ്ങനെ പറഞ്ഞാൽ ആ സ്ഥാനത്ത് നിന്ന് അയാളെ പുറത്താക്കണം.

**വ്യക്തിപരമായ വിശദീകരണം :**

ഗവൺമെന്റ് ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങളൊന്നുമല്ല എഴുതിത്തന്നത്. അതുസംബന്ധിച്ച തർക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാൻ ഒരു ഗ്രാമീണനാണ് എന്ന താണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ള കാര്യം. ഗ്രാമീണഭാഷയിൽ ................(ബഹളം)................ സർ, ഇത് പറ്റില്ല. ഞാൻ കേട്ടുകൊണ്ടിരുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം..... .....(ബഹളം)........ ഒരു കളവും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പി.സി. ജോർജ്, നമ്മളിതെല്ലാം സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരെ പറഞ്ഞുനിറുത്തിയതാണ്. ശ്രീ. പി. സി. ജോർജ്, ഇത് സഭ നടത്തുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. ഏതായാലും താങ്കൾ പറയുന്നതിനുമുമ്പ് മുഖ്യമന്ത്രി പറ ഞ്ഞു. അതുകൊണ്ട് അങ്ങ് മറുപടിയിലേയ്ക്ക് സ്ട്രെയ്റ്റായിട്ട് വരിക.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾക്ക് സത്യസന്ധമായി മറുപടി പറയാൻ അങ്ങ് എന്നെ അനുവദിക്കണ്ടേ? അല്ലെങ്കിൽ രാജ്യത്ത് തെറ്റിദ്ധാരണയുണ്ടാകും. ബഹുമാന പ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഈ നിയമസഭയുടെ മീഡിയ റൂമിൽ പത്രസമ്മേളനത്തിൽ ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല, മനസ്സിലായല്ലോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : ....................(മൈക്ക് ഓഫ്)..........

മി. സ്പീക്കർ : നോ, നോ, ശ്രീ. വി.എസ്. സുനിൽ കുമാർ, ..............പ്ലീസ്, പ്ലീസ്. ഇവിടെ പ്രതിപക്ഷ നേതാവ് ആരോപണ സ്വഭാവത്തിൽ ഒരു കാര്യം പറഞ്ഞു. അതിന് ആ അംഗത്തിന് മറുപടി പറയണ്ടേ?. .............. നോ, നോ, അതൊന്നും ശരിയല്ല. എല്ലാത്തിനും ചാടിയെഴുന്നേൽക്കുക എ ന്നുള്ളത് നല്ല പാർലമെന്ററി കീഴ്‌വഴക്കമൊന്നുമല്ല..

ശ്രീ. പി. സി. ജോർജ് : ഞാൻ ശ്രീ. ബേബി തോമസ് എന്ന് പറയുന്ന ഒരു ദളിതന് സാഹിത്യ അക്കാഡമി അംഗത്വം ലഭിച്ചതിനുള്ള സ്വീകരണ യോഗത്തിന്റെ ഉത്ഘാടകനായിരുന്നു. പ്രസ്സ് ക്ലബിൽ നടത്തിയ യോഗത്തി ലാണ് ഞാൻ സംസാരിച്ചത്. ആ യോഗത്തിൽ പങ്കെടുത്ത ആളുകളിൽ 70%-ഉം ദളിത് വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവിടെയുണ്ടായിരുന്ന ഒരാൾ പോലും എന്റെ പ്രസംഗത്തെ കുറ്റപ്പെടുത്തിയില്ലെന്ന് മാത്രമല്ല കൈയടി യോടെ സ്വീകരിക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ : നോ, നോ. അതല്ല ഇവിടെ വിഷയം. പ്രതിപക്ഷ നേതാവ് പറഞ്ഞതിന് മറുപടി പറയൂ.

ശ്രീ. പി. സി. ജോർജ് : സർ, പറയട്ടെ. ഞാൻ അവിടെ സംസാരിച്ചപ്പോൾ പാവപ്പെട്ട ദളിത് വിഭാഗത്തിന് സംവരണം മാത്രം കൊടുത്താൽ പോരാ അവരെ ഈ രാജ്യത്തിന്റെ ദേശീയ ധാരയിലെത്തിക്കാൻ അധികാരത്തിൽ പങ്കാളിത്തം കൊടുക്കണമെന്ന് പറഞ്ഞു.

മി. സ്പീക്കർ: അതൊന്നുമല്ല. മറുപടിയിലേയ്ക്ക് വരിക. ..............(ബഹളം)................ ശ്രീ. പി. സി. ജോർജ്, അങ്ങയോട് പ്രസംഗിക്കാനല്ല പറഞ്ഞത്. പ്രതിപക്ഷ നേതാവ് പറഞ്ഞ ആരോപണങ്ങൾക്ക് മറുപടി പറയണം. യെസ്, യെസ്....

ശ്രീ. പി. സി. ജോർജ് : സർ, അത് പറയാൻ എന്നെ അനുവദിക്കണ്ടേ? സംസാര ഭാഷയ്ക്കിടയിൽ,

"ദുശ്രവം, ച്യുതസംസ്കാരം

അപ്രയുക്തം നിരർത്ഥകം

ഗ്രാമ്യം നേയാർത്ഥം

അപ്രീതീതം അവാചകം

സന്നിഗ്ദ്ധ അനുചിതാർത്ഥം".

ഗ്രാമീണനായ എന്റെ വായിൽ നിന്നും അങ്ങനെ ഒരു വാക്ക്, 'തെണ്ടികൾ' എന്ന വാക്ക് വീണുപോയതാണ്. ഞാൻ സമ്മതിക്കുകയാണ് ശ്രീ.കോടിയേരി ബാലകൃഷ്ണൻ. ഞാൻ കള്ളം പറയാനില്ല. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ഗ്രാമീണ ഭാഷയിലുള്ള സംസാരത്തിൽ, ഒരു പ്രസംഗ മദ്ധ്യേ ഈ വാക്ക് എന്റെ വായിൽ നിന്നും വീണുപോയിട്ടുള്ളതാണ്.

ഞാൻ കളവ് പറയുന്നില്ല. ഞാൻ നിരുപാധികം ഖേദം പ്രകടിപ്പിക്കാൻ തയ്യാറാണ്. അല്ലാതെ വഴക്കുണ്ടാക്കാൻ ഞാനില്ല. ആരെയെങ്കിലും അപമാനിക്കണമെന്നോ ആരെയെങ്കിലും മോശക്കാരനാക്കണമെന്നോ ഞാൻ ചിന്തിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ മന:സാക്ഷിയോടുകൂടിത്തന്നെ ഞാൻ ഖേദം പ്രകടിപ്പിക്കുകയാണ്. മറ്റുകാര്യങ്ങളുമായി ബന്ധമില്ല. മനസ്സിലായോ? ഇതാണ് സത്യം. യാതൊരു കാരണവശാലും ആരെയെങ്കിലും അപമാനിക്കണമെന്നോ മോശമാക്കണമെന്നോ ഞാൻ ചിന്തിച്ചിട്ടില്ല. അതുകൊണ്ട് അനാഥ മന്ദിരങ്ങളെ പറ്റിയൊക്കെ പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ മുഴുവൻ സത്യവിരുദ്ധമാണ്. ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടില്ല. ഇതാണ് സത്യം.

മി. സ്പീക്കർ : അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ................(ബഹളം)............. അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ................(ബഹളം).............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : .................(ബഹളം)................ ഇത് ആദ്യത്തെ സംഭവമല്ല. ശ്രീ. പി. സി. ജോർജിനെതിരെ നടപടിയെടുക്കണം. ചീഫ് വിപ്പ് സ്ഥാനത്തുനിന്നും പുറത്താക്കണം.

മി. സ്പീക്കർ : ..............(ബഹളം)...........നിങ്ങൾ പറയുന്നത് ബഹളത്തിനിടയിൽ കേൾക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ : കേരളത്തിലെ അനാഥാലയങ്ങളിലെ കുട്ടികളെല്ലാം ജാര സന്തതികളാണെന്ന് പറഞ്ഞത് ശരിയാണോ? അവരോട് മാപ്പ് പറയണം. ശ്രീ. പി. സി. ജോർജിനെതിരെ നടപടിയെടുക്കണം.

മി. സ്പീക്കർ : ...................(ബഹളം)..................... ശ്രീ. സി. ദിവാകരൻ, ഒരുപാട് നടപടിക്രമങ്ങളുണ്ട്, അത് പരിശോധിക്കണം ..........(ബഹളം).......... നോ, നോ, നടപടിയുടെ കാര്യം ഇവിടെ പറയാൻ പറ്റുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ ഒരു കാര്യം പറഞ്ഞു. അതിന് ബഹുമാനപ്പെട്ട പി. സി. ജോർജ് ഈ സഭയിൽ നിർവാജ്യം ഖേദം പ്രകടിപ്പിച്ചു.

(പ്രതിപക്ഷ അംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുമ്പിൽ നിന്ന് മുദ്രാ വാക്യം മുഴക്കുന്നു)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : .......(മൈക്ക് ഓഫ്)..........

ശ്രീ. സി. ദിവാകരൻ: : .......(മൈക്ക് ഓഫ്)..........

മി. സ്പീക്കർ : നിങ്ങൾ ആരും പറയുന്നത് ഞാൻ കേൾക്കുന്നില്ല. നിങ്ങൾ കേൾക്കുന്നുമില്ല. ഞാനും നിങ്ങളും ഒരേ ചെവി കൊണ്ടാണ് കേട്ടത്. അദ്ദേഹം പറഞ്ഞത് ഞാൻ ഗ്രാമീണനായതുകൊണ്ട് സംസാര ഭാഷ.............. (ബഹളം)...................... ഞാൻ ഒന്ന് പറയട്ടെ, നിങ്ങൾ ഇങ്ങനെ ഒരു വാചകം പറയുന്നതിനുമുമ്പ് ഇടയ്ക്ക് ചാടിവീണാൽ എനിക്ക് പറയാൻ കഴിയില്ല. പറഞ്ഞത്, സംസാരമധ്യേ............. ശരി, ഗ്രാമീണനാണ് എന്നത് ഞാൻ ഉപേക്ഷിക്കുന്നു. തീർന്നല്ലോ? സംസാരമധ്യേ അങ്ങനെ ഒരു പദം വന്നുപോയിയെന്ന് അദ്ദേഹം സമ്മതിച്ചു. പറഞ്ഞുപോയി. അതിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നുവെന്ന് പറഞ്ഞു. ....................(ബഹളം)............... ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇവിടെ ഞാൻ ഒരു കാര്യം ഇടയ്ക്ക്

പറയട്ടെ. ഈ സഭ നടന്നുപോകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ മാത്രമേ സഭ നടക്കുകയുള്ളു. അതില്ലെങ്കിൽ നമുക്ക്.................., ശ്രീ. സി. ദിവാകരൻ, ഇതൊക്കെ നമ്മൾ..... .......(ബഹളം)............ പലതിനും ഈ സഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇങ്ങനെയാണെങ്കിൽ. .......(ബഹളം)............. . ഇതൊന്നും ശരി യല്ല. സഭാ നടപടികൾ അല്പ നേരത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു.

(രാവിലെ 11.01-ന് സഭ അല്പ നേരത്തേയ്ക്ക് നിറുത്തിവച്ചു.)

(രാവിലെ 11.00-ന് നിറുത്തിവച്ച സഭ 11.50-ന് വീണ്ടും യോഗം ചേർന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച നിയമസഭാംഗങ്ങളുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് നിരുപാധികം ഖേദം പ്രകടിപ്പിച്ചുകൊണ്ട് സംസാരിക്കുകയു ണ്ടായി. പ്രതിപക്ഷ നേതാവ് മറ്റു ചില കാര്യങ്ങൾ കൂടി ശ്രീ. പി. സി. ജോർജിന്റെ പ്രസംഗവുമായി ബന്ധപ്പെടുത്തി പറഞ്ഞു. അദ്ദേഹം പങ്കെ ടുത്തു എന്നു പറയുന്ന മീറ്റിംഗിലെ സി.ഡി. ചെയർ പരിശോധിക്കുന്നതാണ്. പരിശോധിച്ചതിനുശേഷം പിന്നെ അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇത് സഭയ്ക്ക് പുറത്തു നടന്ന ഒരു കാര്യമാണ് എങ്കിലും നിയമസഭാംഗം കൂടിയാണല്ലോ ശ്രീ. പി.സി. ജോർജ്. അദ്ദേഹം ചീഫ് വിപ്പാണ്. ഇതിനെക്കുറിച്ച് ചെയറിന് പറയാനുള്ളത് ഇതാണ്. സി. ഡി. ചെയർ പരിശോധിക്കും.